**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 70 — 12.12.2012 - ൽ മറുപടിക്ക്

## തലസ്ഥാനത്തെ പകർച്ച വ്യാധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) തലസ്ഥാനത്ത് ഡെങ്കിപ്പനി, മലേറിയ, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്.<br>വീടുകളുടെയും സ്ഥാപനങ്ങളുടെയും പരിസരങ്ങളിൽ വലിച്ചെറിയുന്ന പാഴ് വസ്തുക്കൾ, വെള്ളം ശേഖരിച്ച് വയ്ക്കുന്ന പാത്രങ്ങൾ, ടാങ്കുകൾ, സംസ്കരിക്കാതെ കിടക്കുന്ന മാലിന്യം എന്നിവയാണ് ഈ രോഗങ്ങൾ വ്യാപിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ |
| ബി) എന്തു പരിഹാര നടപടികളാണ് ഇതുവരെ കൈക്കൊണ്ടതെന്ന് അറിയിക്കാമോ; | ബി) ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സർക്കാർ ബൃഹത്തായ ഒരു കർമ്മ പരിപാടി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. നവംബർ 4 -ാം തീയതി തുടങ്ങിയ ഈ പരിപാടി 25 -ാം തീയതി വരെ തുടർന്നു. ഇതിന്റെ ഭാഗമായി ഊർജ്ജിത കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പാക്കി. മലമ്പനി തലസ്ഥാന ജില്ലയിൽ ഈ വർഷം വ്യാപകമായി പ്രത്യക്ഷപ്പെട്ടിട്ടില്ല. എന്നിരുന്നാലും രോഗപ്രതിരോധത്തിന്റെ ഭാഗമായി മത്സ്യകുഞ്ഞുങ്ങളെ ജലശേഖരത്തിൽ നിക്ഷേപിക്കൽ കീടനാശിനി തളിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കോളറ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതര വകുപ്പുകളുടെ സഹകരണത്തോടെ ഊർജിത ശുചീകരണം, ക്ലോറിനേഷൻ, മാലിന്യ സംസ്ക്കരണം എന്നിവ നടപ്പാക്കി. |

| | | | |
|---|---|---|---|
| സി) | പകർച്ചവ്യാധികളെ തുടർന്ന് ആശുപത്രികളിലും അല്ലാതെയും കഴിഞ്ഞ രണ്ടു വർഷം മരണപ്പെട്ടവരെ സംബന്ധിച്ച ലഭ്യമായ കണക്കുകൾ വിശദമാക്കാമോ? | സി) | തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ രണ്ടു വർഷം മരണപ്പെട്ടവരുടെ കണക്കുകൾ. |

| വർഷം | ഡെങ്കിപ്പനി മരണം | എലിപ്പനി മരണം | എച്ച്1 എൻ1 മരണം | സ്ക്രബ് ടൈഫ്ഡ് മരണം | AES (അക്യൂട്ട് എൻസിഫലൈറ്റിസ് സിൻഡ്രം |
|---|---|---|---|---|---|
| 2011 | 1 | 1 | 3 | 0 | 2 |
| 2012 | 3 | 1 | 0 | 1 | 0 |

സെക്ഷൻ ആഫീസർ